**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 774** **11-06-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് മാനദണ്ഡത്തിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്ന് ലോണെടുക്കുകയും മരണപ്പെടുകയും ചെയ്യവരുടെ അനന്തരാവകാശികൾക്ക് റിസ്ക് ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവർക്ക് മരണാനന്തര സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**എ) റിസ്ക് ഫണ്ട് വിഹിതം**<br><br>വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും ബോർഡിന്റെ ബൈലോ വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപയും) ആയതിന്റെ 18 % ജി.എസ്.റ്റിയും ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.<br><br>**(ബി) വയസ്സ്**<br><br>മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.<br><br>**സി) കുടിശ്ശിക/കാലാവധി**<br><br>വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ |

| | | | |
|---|---|---|---|
| | | | മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. |
| (ബി) | ഗുരുതരരോഗം ബാധിച്ചതുമൂലം ലോൺ കുടിശ്ശികയായവർക്ക് നിബന്ധനകളിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | മാരകരോഗം പിടിപെട്ട വായ്പാക്കാർക്ക് റിസ്ക് ഫണ്ട് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് വായ്പാ കുടിശ്ശിക നിബന്ധന ബാധകമല്ലാത്തതാണ്. കൂടാതെ റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ് എന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ